

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**28 FEBRUARY 2020**
**04 RAJAB 1441 AH**

# THE ATTRIBUTES OF ALLAH (PT.2)

## അല്ലാഹുവിന്റെ ഗുണനാമങ്ങൾ (ഭാഗം -2)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ ഗുണനാമങ്ങൾ ഭാഗം-2** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹുവിന്റെ ഗുണനാമങ്ങൾ എന്ന വിഷയം കഴിഞ്ഞ ആഴ്ച ഞാൻ ആരംഭിക്കുകയുണ്ടായി. ഇന്നും ഞാൻ അതേ വിഷയം തന്നെ തുടരുവാനുള്ള തൗഫീഖ് ചെയ്ത അല്ലാഹു(ത)യ്ക്ക് ഞാൻ വളരെയധികം നന്ദിരേഖപ്പെടുത്തുകയാണ്. കഴിഞ്ഞ ആഴ്ചയിലെ പ്രസംഗം നിങ്ങൾ വായിച്ചു നോക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും, ഇന്ദ്രീയഗോചരമായനിലയിൽ, പദത്തിൽ, അല്ലാഹുവിനെ ഹഖ് എന്ന നിലയിൽ പരാമർശിച്ചിട്ടില്ല; എന്നാൽ നിങ്ങൾ അവന്റെ ഗുണനാമങ്ങളെ അപഗ്രഥനം ചെയ്യുമ്പോൾ, നിങ്ങൾക്കറിയുവാൻ കഴിയുന്നത്, അതിൽ സത്യം അടങ്ങിയിരിക്കുന്നു എന്ന വസ്തുതയാണ്! പുകഴ്ത്തലിന്റെ വീക്ഷണത്തിൽ നിന്നും, ഒരാൾക്ക് അല്ലാഹുവിനെ പറ്റി ഒരുകള്ളം ഉള്ളതായി മനസ്സിലാക്കവതല്ല. അല്ലാഹുവിൽ നിന്ന് (അല്ലാഹുവിനോടുള്ള ബന്ധത്തിൽ നിന്നും) ഒരു കളവും നമുക്ക് സ്ഥാപിക്കുവാൻ കഴിയുകയുമില്ല.

പിന്നെ ആളുകൾ ധാരാളം കള്ളം പറയുന്നു. അതിന്റെ കാരണം അവർക്ക് അത്യാഗ്രഹം ഉള്ളതുകൊണ്ടാണ്. (കോടതികളിൽ) ധാരാളം പരാതികൾ ഫയൽ ചെയ്യുന്നുണ്ട്, ധനസംബന്ധമായും വസ്തുവകകൾ സംബന്ധമായും അല്ലെങ്കിൽ വായ്പ എടുത്തതുസംബന്ധമായും തിരിച്ചടവ് സംബന്ധമായും, കടം സംബന്ധമായും മറ്റു പലവിധേനയും! ഇത്തരം ഇടപാടുകളിൽ കൂടുതലിന്റെയും കാരണം നാം അന്വേഷി

ക്കുമ്പോൾ, അതിൽ കൂടുതലും മനുഷ്യന്റെ അത്യാഗ്രഹം മൂലം അവൻ പറയുന്ന കള്ളങ്ങളാണ് എന്ന് മനസ്സിലാകുന്നതാണ്.

ഈ കാര്യം (ഇപ്പോൾ) നമുക്ക് ഒരു രാജ്യത്തിന്റ നിലവെച്ച് പരിശോധിക്കാം. അധികാര ദാഹത്താൽ, അധികാരത്തോടുള്ള അതിയായ അത്യാഗ്രഹം മൂലം രാഷ്ട്രീയക്കാർ എല്ലാവിധ വാഗ്ദാനങ്ങളും നല്കുന്നു. അത് അധികാരത്തിൽ കയറുന്നതിനുവേണ്ടിയാണ്, പ്രസ്തുത കാര്യം നേടുന്നതിനായി, അനേകം കള്ളങ്ങൾ തട്ടിവിടുന്നു. തെരഞ്ഞെടുപ്പ് വേളകളിൽ! അവിടെ ഒരു പാർട്ടി എതിർപാർട്ടിയെ നിശിതമായി വിമർശിക്കുന്നു. ഒരു രാഷ്ട്രീയ പാർട്ടി മറ്റൊരു രാഷ്ട്രീയ പാർട്ടിയെ ചെളിവാരി എറിയുന്നു. (അതായത് അവഹേളിക്കുന്നു) ഈ കാര്യത്തിൽ എല്ലാ ആളുകളും പങ്കുചേരുന്നു. ഇക്കാര്യത്തിൽ അവർ എല്ലാവിധ തട്ടിപ്പുകളും ചതികളും നടത്തുന്നു. എന്തിനേറെ ഒരു രാജ്യത്ത് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ, ദുർവൃത്തരും തെമ്മാടികളുമായ ആളുകൾ ഒടുവിൽ അതിനെ, തെരഞ്ഞെടുപ്പിനെ അടിപിടി അക്രമത്തിലേക്ക് കൊണ്ടെത്തിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ, ഇത്തരം നടപടികളെ തങ്ങളുടെ എതിർപാർട്ടികളുടെ മേൽ ചാർത്തുന്നു. ഓരോ പാർട്ടിയും തങ്ങളുടെ എതിർപാർട്ടികൾ അധികാരത്തിൽവരാതിരിക്കുവാനായി, പരസ്പരം ചെളിവാരി എറിയുകയാണ് ചെയ്യുന്നത്. ഈ അധികാരത്വരയിൽ, അവർ അനേകം വാഗ്ദാനങ്ങൾ, സമ്മതിദായകന്മാർക്ക് വാരി വിതറുന്നു. അനേകം കള്ളവാഗ്ദാനങ്ങളും തട്ടിവിടുന്നു. ഇതെല്ലാം ചെയ്യുന്നത് അത്യാഗ്രഹം മൂലമാകുന്നു. അധികാരേഛ!മൂലം അധികാരത്തിലെത്തിപ്പെടാനുള്ള അടങ്ങാത്ത ആവേശം! (ജനങ്ങളുടെ ധനംകൊണ്ട്) വിനോദിക്കുവാനുള്ള ആഗ്രഹം! ഇതിലൂടെ നാം പറയുന്നതുപോലെ, ഇതിന്റെ ഫലം, ദുരന്തം പേറുന്നത് ജനം മാത്രമാണ്, വരുന്ന അഞ്ച് വർഷം നാം ഇനി സഹിച്ചേപറ്റൂ! കാരണം ഈ രാഷ്ട്രീയക്കാർ, ജനങ്ങളെ ചതിക്കുകയാണ് ചെയ്യുന്നത്; അവരോട് അവർ പറയുന്നത് വെറും കള്ളം മാത്രമാണ്, ഇതൊക്കെ സംഭവിക്കുന്നത് അവരുടെ അത്യാഗ്രഹം മൂലമാണ്.

എല്ലാം സ്വന്തമായുള്ള ഒരു സത്ത, ഒരാളെയും ആശ്രയിക്കാതെ നിലകൊള്ളുന്ന ഒരു സത്ത, എന്നാൽ അതുള്ളത് ആരാണ്? അവനെ ആശ്രയിക്കാതായിട്ടുള്ളത്, അങ്ങനെയുള്ള ഒരു സത്ത, കള്ളം പറയുന്നതുകൊണ്ട് എന്ത് നേടുവാനാണ്? അവൻ ഇപ്പോൾ തന്നെ ഈ പ്രപഞ്ചത്തിന്റെ ഉടമസ്ഥനാണ്, അതുകൊണ്ട് തന്നെ അവനിലെ

ഓരോ മനോഗതത്തിൽ നിന്നും അത്യാഗ്രഹം എന്ന വസ്തു നീക്കം ചെയ്യപ്പെട്ടിരിക്കുകയാണ്.

ഇതേ നിലയിൽ, നിങ്ങൾക്ക് അവന്റെ മറ്റു ഗുണനാമങ്ങളെകുറിച്ചും ചിന്തിക്കാവുന്നതാണ്. വിശുദ്ധഖുർആൻ ഉപദേശരൂപേണ നമുക്ക് മനസ്സിലാക്കിതരുന്നു അതായത് തെറ്റായ വഴിയിലൂടെ നാം പരസ്പരമുള്ള സാധനങ്ങളിൽ ആർത്തിയോട് സമീപിക്കരുത്; അതു നമ്മുടേതാണെങ്കിൽ പോലും; ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദം ബാത്തിൽ എന്നാകുന്നു. പ്രസ്തുത പദത്തിന് അനേകം അർത്ഥങ്ങളുണ്ട്. എന്നാൽ അതിലെ പ്രധാന അർത്ഥം കള്ളങ്ങൾ എന്നാകുന്നു. അതുകൊണ്ട് ആ അർത്ഥത്തിൽ നിങ്ങൾ കള്ളം പറയരുത്, അതുപോലെ മറ്റാളുകളുടെ ധനം വാരി വിഴുങ്ങുകയുമരുത്. അല്ലാഹു(ത) നിരോധിച്ചിട്ടുള്ള വഴികളിലൂടെ! നിങ്ങൾ ആർത്തി കാണിക്കരുത്. വാരി വിഴുങ്ങുകയുമരുത്. ഹറാമായിട്ടുള്ള യാതൊന്നും നിങ്ങൾ ഉപയോഗിക്കരുത്.

ഈ രണ്ട് രീതിയിലും, ഇതിന്റെ പ്രധാന അർത്ഥം കള്ളം എന്നുതന്നെയാണ്. കാരണം കള്ളത്തിലൂടെ, നിങ്ങൾ ഭുജിക്കുന്നത് നിഷിദ്ധമായ സാധനങ്ങളാണ്, ഉപദ്രവകാരിയായ സാധനങ്ങളാണ്, ശരിയായി പറഞ്ഞാൽ ഇതിന് അത്യാഗ്രഹവുമായി ഒരു ബന്ധമുണ്ട്. ഈ അത്യാഗ്രഹം അവനെ സത്യസന്ധനല്ലാതാക്കി തീർക്കുന്നു. ഒടുവിൽ അവനെ ആളുകൾ മോശമായി നോക്കി കാണുന്നു. അവൻ എവിടെ പോയാലും അവനെപറ്റി ആളുകൾ മോശമായി പറയുന്നതാണ്. ഈ മോശം പ്രവർത്തനങ്ങളിലൂടെയും അവനിലുള്ള ഈ അത്യാഗ്രഹത്തിലൂടെയും അവനെ ഈ ലോകത്തിലും അതുപോലെ പരലോകജീവിതത്തിലും ഏറ്റവും വലിയ ചതിയനെന്ന നിലയിലായിരിക്കും അവനെ കൊണ്ടെത്തിക്കുക. ഒടുവിൽ അവന് ഇഹലോകവുമില്ല പരലോകവുമില്ല. ഈ പ്രപഞ്ചം തന്നെയില്ല. അങ്ങനെ പലതും. അവന് അവനിൽ ദൗർബല്യങ്ങളുണ്ട്. ഈ ദൗർബല്യങ്ങളെ നീക്കം ചെയ്യുവാൻ (അവന്റെതായ നിലയിലും, അവന്റെ വഴികളിലും) അവൻ കള്ളത്തെ കൂട്ടുപിടിക്കുന്നു. എന്നാൽ അല്ലാഹു ഈ മുഴു പ്രപഞ്ചത്തിന്റെ തന്നെ ഉടമസ്ഥനായിരിക്കെ, ചോദിക്കാതെ മറ്റുള്ളവർക്ക് നല്കിക്കൊണ്ടിരിക്കുന്നവൻ, അവൻ, അത്തരത്തിലുള്ള ഒരാൾക്ക് കള്ളം പറയേണ്ടുന്ന ആവശ്യമെന്താണ്? കള്ളം എന്നത് അവന്റെ മേൽ ചേർത്തുവെയ്ക്കാവതു പോലുമല്ല!

അവൻ, അവന്റെ ദൂതന്മാർക്ക് നല്കുന്ന നിർദ്ദേശങ്ങളിൽ പോലും അല്ലാഹു(ത) ഒരിക്കലും കള്ളം പറയുന്നതല്ല. കള്ളം എന്നത് അവനോട് ചേർത്തുപറയാവുന്ന കാര്യമല്ല. അതൊരിക്കലും അവനിലില്ല. അവൻ എല്ലാ കള്ളത്തിനും അപ്പുറത്താണ്. കഴിഞ്ഞ കാലങ്ങളിൽ ഞാൻ പറഞ്ഞിട്ടുള്ളതാണ്, എങ്കിലും ഞാനൊരു ഉദാഹരണമായി അതു വീണ്ടും പറയാം, അത് ഹസ്രത് യൂസുഫ്(അ)യുടെ കഥ ആകുന്നു. അല്ലാഹു(ത) അദ്ദേഹത്തിനു വേണ്ടി എങ്ങനെയാണ് ഒരു പദ്ധതി തയ്യാറാക്കിയതെന്ന്! അല്ലാഹു(ത) അദ്ദേഹത്തോട് നിർദ്ദേശിക്കുകയുണ്ടായി. രാജാവിന്റെ കപ്പ് തന്റെ സഹോദരന്റെ സഞ്ചിയിൽ എടുത്തു വെയ്ക്കുവാൻ, അപ്പോൾ രാജാവിന്റെ സംരക്ഷകർക്ക്, പട്ടാളക്കാർക്ക് അവനെ അറസ്റ്റ് ചെയ്യുവാനുള്ള അവസരമുണ്ടാകും, അത് അവരുടെ രാജ്യത്തിന്റെ നിയമാനുസൃതവുമായിരിക്കും. അപ്പോൾ തന്റെ സഹോദരനെ വളരെ പരസ്യമല്ലാത്ത നിലയിൽ തന്നോടൊപ്പം നിർത്തുവാനും സാധിക്കും. തന്റെ മറ്റു അർത്ഥസഹോദരന്മാർക്ക് സംശയമുണ്ടാകാത്ത നിലയിൽ! അതായത് അദ്ദേഹം അവരുടെ സഹോദരൻ യൂസുഫ് (അ)ആണെന്ന് അവർക്ക് സംശയം വരാത്ത നിലയിൽ! അല്ലാഹു(ത) അൽഹഖ്വ ആകുന്നു. അതെ! നിയമം ഉണ്ടാക്കുന്നത് അവൻ തന്നെയാണ്; അത് നിയമം എങ്ങനെ ചേർത്തുവെയക്ക്ണമെന്നും അവനാണ് തീരുമാനിക്കുന്നത്. യഥാർത്ഥമായ സത്യം സ്ഥാപിക്കേണ്ടതെങ്ങനെയെന്നും അവനറിയാം. അത്തരം സത്യങ്ങൾ കുടുംബരംഗങ്ങളിലും, സാമൂഹ്യ രംഗങ്ങളിലും സമാധാനം കൊണ്ടു വരുന്നതാണ്. തെറ്റു ചെയ്തവർക്ക് തങ്ങളുടെ തെറ്റുകൾ ബോധ്യം വരുത്തുവാൻ ആർക്കാണ് കഴിയുക? പുറമെ കാര്യങ്ങൾ നോക്കുമ്പോൾ, ഹസ്രത് യൂസുഫ് (അ) കള്ളം പറഞ്ഞു എന്ന് കാണപ്പെടുന്നു. ഈ വീക്ഷണത്തിൽ ഒരു വ്യക്തി, ഈ കാര്യത്തെ ഇങ്ങനെ നോക്കി കാണുകയാണെങ്കിൽ, അദ്ദേഹത്തിന് ചിന്തിക്കുവാൻ കഴിയുക നോക്കൂ ! ഒരു പ്രവാചകൻ പോലും കള്ളം പറഞ്ഞിരിക്കുന്നു, അദ്ദേഹം സ്വയം രാജാവിന്റെ കപ്പ് എടുക്കുന്നു എന്നിട്ട് അത് തന്റെ സഹോദരന്റെ ബാഗിൽ വെയ്ക്കുന്നു. എന്നിട്ട് അദ്ദേഹത്തെ കുറ്റക്കാരനാക്കുന്നു. എന്നാൽ ഇതു സംബന്ധമായി അല്ലാഹു(ത) എന്താണ് പറയുന്നത്?

ഇപ്രകാരം നാം യൂസുഫിന് വേണ്ടി സൂത്രം പ്രയോഗിച്ചു. അല്ലാഹു ഇച്ഛിച്ചാലല്ലാതെ, ആ രാജാവിന്റെ നിയമമനുസരിച്ച്, തന്റെ സഹോദരനെ പിടിച്ചു വെയ്ക്കുവാൻ യുസൂഫിന് നിവൃത്തിയുണ്ടായി

രുന്നില്ല. നാം ഉദ്ദേശിക്കുന്നവരെ നാം പല പദവികൾ നല്കി ഉയർത്തുന്നു. അറിവ് സമ്പാദിച്ച എല്ലാവർക്കുമുപരിയായി ഏറ്റവും അറിയുന്ന ഒരുവനുണ്ട് (സൂറ: യുസുഫ് 12 : 77)

ആയതിനാൽ അല്ലാഹു(ത) അവൻ തന്നെയാണ് അറിവിനും സത്യത്തിനും രൂപം നല്കുന്നത്. മനുഷ്യൻ, അവനുള്ള അല്പജ്ഞാനം കൊണ്ട്, അല്ലാഹു(ത) ചെയ്യുന്ന പ്രവർത്തനങ്ങളെകുറിച്ച് (അവൻ ചെയ്യുന്ന വഴികളെകുറിച്ച്) പൂർണ്ണമായും ഗ്രഹിക്കുവാൻ കഴിയുകയില്ല. അല്ലാഹു(ത) അവൻ നേരിട്ട് നല്കുന്ന അറിവുള്ളവരൊഴിച്ച്) അതുകൊണ്ട് അവൻ പലപ്പോഴും അല്ലാഹുവിനെ പഴിക്കുന്നു. എന്നാൽ അല്ലാഹു(ത)എല്ലാ പഴിക്കലിനും അപ്പുറത്താണ്. അതുപോലെ അവർ എല്ലാവിധ കള്ളത്തിനും അപ്പുറത്താണ്.

ഇതോടൊപ്പം ചേർത്തുപറയേണ്ടുന്ന കാര്യമാണ്. അതായതു നാം കാണുന്നു, സ്ത്രീകളുടെ നുണകൾ മൂലം–അവരുടെ മാന്യതയും താത്പര്യവും സംരക്ഷിക്കുന്നതിനായി–പ്രവാചകനായ യൂസുഫ്(അ)നെ തുറുങ്കിലടയ്ക്കേണ്ടതായിട്ടുണ്ടായിരുന്നു. അപ്പോൾ ഭരണത്തിലിരിക്കുന്ന രാജാവ് അൽഅസ്സീസിനാൽ പിന്തുടരപ്പെട്ടവരും കുറ്റം ആരോപിച്ചവരും, നിരപരാധിയായ ഒരു മനുഷ്യനെ ഹസ്രത് യുസൂഫ് (അ)നെ പഴിക്കുകയുണ്ടായി. ഇത് അവരുടെ നടപടിക്രമമാണ്. ഇത് അവർക്കായി അവർ എടുത്ത തീരുമാനമാകുന്നു. പ്രസ്തുത തീരുമാനം കളളത്തെ അടിസ്ഥാനപ്പെടുത്തി എടുത്തതാണ്) അതുകൊണ്ട് പ്രസ്തുത സംഭവം ജനങ്ങളങ്ങു മറക്കും– എന്നാൽ അല്ലാഹു(ത) എന്താണ് ചെയ്തത്? അൽഹഖ് എന്ന നിലയിൽ അല്ലാഹു(ത) തന്റെ പ്രവാചകന്റെ മാന്യത വീണ്ടെടുക്കുന്നതിനുള്ള നടപടികൾ, അനേകം വർഷങ്ങൾക്ക് ശേഷം എടുക്കുകയുണ്ടായി. പ്രസ്തുത സമയത്ത് ഭരണം നടത്തുന്ന രാജാവിന്റെ ഭരണത്തിൻ കീഴിൽ മന്ത്രിയായി നിയമിക്കപ്പെട്ടു. അതേതുടർന്ന് യൂസുഫ് (അ) അൽഅസ്സീസ് എന്നറിയപ്പെട്ടു. അങ്ങനെ സത്യം വെളിവായി, എല്ലാവരും കാര്യം മനസ്സിലാക്കി, അതായത് അദ്ദേഹത്തിന്റെ യജമാനന്റെ ഭാര്യയായ (അദ്ദേഹത്തെ വിലയ്ക്ക് വാങ്ങിയ) സുലേഖയാണ് കള്ളം പറഞ്ഞതെന്ന്!

ജനങ്ങൾ കള്ളം പറയുന്നതിന്റെ പിന്നിലുള്ള മറ്റൊരു കാരണം അവൻ കണക്ക് പറയേണ്ടതായി വരുമെന്നുള്ള ഭയമാണ്. അതു കിഴക്കുള്ളവരയാലും ശരി, പടിഞ്ഞാറുള്ളവരായായാലും ശരി, വളരെയധികം കള്ളങ്ങളും തട്ടിവിടുന്നത്, ഭയംമൂലമാണ്. കാരണം അവർ

തുറന്നുകാട്ടപ്പെടും! എന്നതുകൊണ്ടാണ് അവർ കള്ളം പറയുന്നത്. സുലേഖയുടെ കാര്യത്തിൽ സംഭവിച്ചതുപോലെ! അവർ ശിക്ഷയെ ഭയപ്പെടുന്നു. അതുകൊണ്ടാണ് അവർ കള്ളം പറയുന്നത്.

ഒരു കുട്ടി ഒരു തെറ്റു ചെയ്യുമ്പോൾ അല്ലെങ്കിൽ ഒരാൾ ഒരു കവർച്ച ചെയ്യുമ്പോൾ അല്ലെങ്കിൽ ഒരു കുറ്റം ചെയ്യുമ്പോൾ അല്ലെങ്കിൽ ഇത്തരം ഒരു സാഹചര്യത്തെ ജനങ്ങൾ അഭിമുഖീകരിക്കുമ്പോൾ അപ്പോൾ അവർ കള്ളം പറയുന്നു. നിയമങ്ങളുടെ പേരിൽ അവരെ പിടികൂടുമെന്ന് അവർ ഭയപ്പെടുന്നു, അതുകൊണ്ടാണ്, കള്ളം പറയുന്നത്! അറസ്റ്റിനെ അവർ നേരിടുന്നതിന് ഭയക്കുന്നു. എന്നാൽ അല്ലാഹുവിന്റെ ഒരു ദൂതൻ ജനങ്ങളെ ഭയപ്പെടുമോ? അവൻ സ്വയം സത്യത്തിന്റെ മേൽ നിലകൊള്ളുന്നു. അവന്റെ സൃഷ്ടാവിനെപോലെ! അദ്ദേഹം ദൈവീക നിർദ്ദേശങ്ങളെ പിൻപറ്റുന്നു. ഹസ്രത് യുസൂഫ് (അ) ജയിലിലേക്ക് പോകുവാനാണ് ഇഷ്ടപ്പെട്ടത്. നിയമവിധേയമല്ലാത്ത ഒരു പ്രവർത്തി ചെയ്യുന്നതിനെക്കാളും ! അത് അല്ലാഹുവിന്റെ ക്രോധം തന്നിലേക്ക് കൊണ്ടുവരുന്നതാണ് എന്നറിയുന്നു. അത് തനിക്ക് നാണക്കേട് ഉണ്ടാക്കുന്നതാണെന്നും അദ്ദേഹം അറിയുന്നു.

ജനങ്ങൾ കണക്കു പറയേണ്ടതായി വരില്ല എങ്കിൽ അവർ കള്ളംപറയുകയില്ല. സത്യത്തിൽ ഹംദ് എന്ന വിഷയവുമായി ഇതിന് ആഴത്തിലുള്ള ഒരു ബന്ധമുണ്ട്. ഒരു യോഗത്തിൽ നിങ്ങൾ പറയുകയാണെങ്കിൽ, ഒരു നല്ല സുഗന്ധം തനിക്ക് മണക്കുന്നു. ആരിൽ നിന്നാണ് ഈ സുഗന്ധം വരുന്നതെന്ന് നിങ്ങൾ ചോദിച്ചാൽ (ഈ അത്തർ അഥവാ ഈ സുഗന്ധവസ്തു) അപ്പോൾ ജനങ്ങൾക്ക് (ഹാജരായിട്ടുള്ളവർക്ക്) കള്ളം പറയാം, അവർ അവരുടെ വസ്ത്രത്തിൽ പുരട്ടിയിട്ടുള്ള സുഗന്ധവസ്തുവിൽ നിന്നാണ് എന്ന്! എന്നാൽ നിങ്ങൾ അതേ സമയം, എന്തോ നാറ്റം അനുഭവപ്പെടുന്നുവല്ലോ, എന്നു പറഞ്ഞാൽ അപ്പോൾ ഒരാളും കള്ളം പറഞ്ഞുകൊണ്ട് (മുന്നോട്ടു വരികയില്ല) തന്നിൽ നിന്നാണ് ഈ നാറ്റം വരുന്നതെന്ന്! ഇതൊക്കെ സംഭവിക്കുന്നത് ഭയം കൊണ്ടാണ്, മറിച്ച് അവരിൽ നിന്നു തന്നെയാണ് ഈ ദുർഗന്ധം വമിച്ചതെങ്കിൽ പോലും അവർ കള്ളം പറഞ്ഞുകൊണ്ട് രംഗത്ത് വരും, ഇത് തങ്ങളിൽ നിന്നല്ല, ഈ ദുർഗന്ധം വരുന്നതെന്ന്!

കള്ളം പറയൽ ഹംദുമായി ആഴത്തിൽ ബന്ധമുള്ളതാണ്, അതു പോലെ തന്നെ മോശമായ കാര്യവും! ഹംദുമായി ബന്ധമുള്ളതാണ്. അല്ലാഹുവും (അവന്റെ യഥാർത്ഥ സേവകന്മാരും) തമ്മിലും മററുള്ള ആളുകളും തമ്മിൽ താരതമ്യപ്പെടുത്തി, വ്യത്യാസം കാണിക്കൽ, വിശദീകരിക്കലാണത്. സാധാരണ ആളുകൾ സത്യവുമായി സമരസപ്പെട്ടു പോകുന്നവരല്ല, അവർ സമുദായത്തിൽ തെറ്റായ പുകഴ്ത്തൽ കിട്ടുന്നതിനായി അന്വേഷിച്ചു നടക്കുന്നവരാണ്. ആളുകൾ ചിലകാര്യങ്ങളിൽ പ്രശംസ കിട്ടുന്നതിനായി കള്ളം പറയുന്നു. മറ്റു ചിലകാര്യങ്ങളിൽ ആളുകൾ കള്ളം പറയുന്നത് തെറ്റിൽ നിന്നും രക്ഷപെടുവാനാണ്. അനേകം കാര്യങ്ങളും പറഞ്ഞു തീർക്കുവാനുള്ളതാണ്. അടുത്ത നടപടി! അവർക്ക് ശിക്ഷ കിട്ടുവാനുള്ള സമയമാകുമ്പോൾ, അപ്പോൾ അവിടെ വച്ച്, അവന് കള്ളം പറയുവാൻ കഴിയുകയില്ല. അവൻ ഒരു കുറ്റം ചെയ്തിട്ടുണ്ട് എന്ന്! (മോശം പ്രവർത്തി ചെയ്തിട്ടുണ്ട് എന്ന്) കാരണം അവൻ അത് ചെയ്തിട്ടില്ല ) അവൻ നിരപരാധിയാണ്) മറിച്ച് അവിടെ വച്ച്, യഥാർത്ഥ കുറ്റവാളി കള്ളം പറയുന്നതാണ്, അവൻ നിരപരാധി ആണെന്ന്! അവന്റെ മേൽ ചാർത്തപ്പെട്ട കുറ്റം അവൻ ചെയ്തിട്ടില്ല എന്ന് പറയുന്നതാണ്. അവൻ പ്രസ്തുത കള്ളം പറയുന്നത്, അവനറിയാം, അവൻ ചെയ്ത തെറ്റിന് ശിക്ഷിക്കപ്പെടുവാൻ പോവുകയാണെന്ന്! ഞാനീ പറഞ്ഞ വിഷയത്തിന്, പ്രവാചകന്മാരുടെ സത്യസന്ധതയുമായി ഒരു ബന്ധമുണ്ട്. പ്രവാചകന്മാർ ഒരു വാദം ഉന്നയിക്കുമ്പോൾ, അവരുടെ ആളുകളിൽ നിന്നും അവർക്ക് വളരെ വലിയ ശിക്ഷ ലഭിക്കുന്നതാണ്. അവർ ഈ പ്രവാചകന്മാരുടെ മാന്യതയെ കടന്നാക്രമിക്കുന്നു. സമൂഹം അവരുടെ യഥാർത്ഥ മഹത്വവും സ്ഥാനവും നിരാകരിക്കുന്നു. എന്നാൽ ഈ വാദമുഖങ്ങൾക്ക് മുൻപ് ഇവ രണ്ടും അവർക്ക് സമൂഹം നല്കിയതുമാകുന്നു.

അല്ലാഹുവിന്റെ ഒരു ദാസന്, അല്ലാഹുവിന്റെ ഒരു ദുതന്, മഹത്വം കിട്ടുന്നതിനായി അഥവാ ശിക്ഷയിൽ നിന്നും രക്ഷപ്പെടുന്നതിനായി, അല്ലെങ്കിൽ തന്റെ അത്യാഗ്രഹം പൂർത്തീകരണത്തിനായി കള്ളം പറയുവാൻ സാധിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അവരുടെ (ദൂതന്മാരുടെ) പ്രസ്തുത വാദങ്ങൾക്ക് മുൻപ്, അവരുടെ വിലയും നിലയും ജനങ്ങൾ അടുത്തറിഞ്ഞിട്ടുള്ളതാണ്, സാലിഹ് നബി (അ) നോട് ജനങ്ങൾ പറഞ്ഞതുപോലെ! ഞങ്ങൾ താങ്കളിൽ പ്രതീക്ഷ അർപ്പിച്ചിരിക്കുകയാണ്.

എല്ലാ പ്രവാചകന്മാരുടെയും കാര്യം ഇങ്ങനെ തന്നെയാണ്. വാഗ്ദത്ത മസീഹ് (അ)ന്റെ കാര്യവും ഇങ്ങനെതന്നെ ആയിരുന്നു. ജനങ്ങൾ അദ്ദേഹത്തിൽ വളരെ വലിയ പ്രതീക്ഷ അർപ്പിച്ചിരുന്നു. ഹസ്രത് സൂഫി അഹ്മദ് ജാൻ സാഹിബ് അദ്ദേഹവുമായി ചേർന്നപ്പോൾ, അദ്ദേഹം പറയുകയുണ്ടായി. ഞങ്ങൾ രോഗബാധിതരാണ്. ഞങ്ങളുടെ നോട്ടം താങ്കളിലേക്കാണ്. അല്ലാഹുവിന്റെ മാർഗത്തിൽ, താങ്കൾ മിസിഹ ആണെന്ന് പ്രഖ്യാപിച്ചാലും! നോക്കൂ! ഒരാൾ, ഒരു വ്യക്തി, പ്രശംസ ലഭിക്കുവാനായി കള്ളം പറയുന്നു; അല്ലെങ്കിൽ തന്റെ ഇച്ഛാ പൂർത്തീകരികരണത്തിനായി, ധനം നേടുന്നതിനായി അവൻ കള്ളം പറയുന്നു. എന്നാൽ ഒരാൾ ഒരു വാദം ഉന്നയിക്കുന്നുവെങ്കിൽ, അതിലൂടെ അയാളുടെ ബഹുമാന്യതതന്നെ സന്ദിഗ്ദ്ധാവസ്ഥയിലാവുകയാണെങ്കിൽ, അദ്ദേഹത്തിന്റെ ധനം തന്നെ നഷ്ടമാവുകയാണെങ്കിൽ, വാദം മൂലം അദ്ദേഹത്തെ മർദ്ദിക്കപ്പെടുകയാണെങ്കിൽ, ഈ ശിക്ഷകളൊക്കെ അദ്ദേഹം ഏറ്റുവാങ്ങുന്നത്, അദ്ദേഹം ഒരു കുറ്റം ചെയ്തിട്ടല്ല. അല്ലെങ്കിൽ ഒരു ഗൂഢപദ്ധതി തയ്യാറാക്കിയതുകൊണ്ടുമല്ല, അതുമല്ലെങ്കിൽ ഒരു തട്ടിപ്പ്, നെറികേട്, വഞ്ചന കാട്ടിയതിന്റെ പേരിലുമല്ല, മറിച്ച് അദ്ദേഹം സത്യവാനായതിന്റെ പേരിൽ മാത്രമാണ്. എന്നാൽ കള്ളം പറയുന്നതിൽ അമിതാവേശമുള്ളവനായിരുന്നെങ്കിൽ! (മറ്റൊരു വാക്കിൽ പറഞ്ഞാൽ, പീഡനം ഏറ്റുവാങ്ങുന്നതിന് ഇഷ്ടപ്പെടുന്നതാരാണ്? തന്റെ മാന്യത നഷ്ടപ്പെടുവാൻ ആഗ്രഹിക്കുന്നത് ആരാണ്? അവൻ സത്യത്തിലായിരിക്കുമ്പോൾ ഈ പറയപ്പെടുന്ന എല്ലാ കാര്യങ്ങളും ഉണ്ടായിരിക്കെ ഒരാൾ, അതായത് മാന്യത, മഹത്വം, ധനം എന്തു തന്നെ ആയാലും അദ്ദേഹം തന്റെ വാദം മുന്നോട്ടു വെയ്ക്കുന്നു. (അദ്ദേഹം തീർച്ചയായും അല്ലാഹുവിൽ നിന്ന് വന്നവനാണ്) ഇങ്ങനെയുള്ള ഒരാളിനെ നിങ്ങൾ കള്ളനെന്ന് വിളിക്കുമോ?

ഞാൻ റീയൂണിയൻ ദ്വീപിലായിരുന്നപ്പോഴുള്ള ഒരു സംഭവം പറയാം, ഞാൻ അവിടെ ഒരു സാധാരണ മിഷണറി പ്രവർത്തകനായി അഹ്മദിയ്യാ ജമാഅത്തിനായി ജോലി ചെയ്യുകയായിരുന്നു(മൗറിഷ്യസിലും അയൽ ദ്വീപുകളിലും) വാഗ്ദത്തമസീഹ് (അ)ന്റെ വളരെവലിയ എതിരാളിയായ ഒരു മൗലവിയെ ഞാൻ കണ്ടു മുട്ടി. അദ്ദേഹത്തിന്റെ ജമാഅത്ത് അംഗങ്ങളുടെ മുൻപാകെ, എന്നോട് മസീഹ് മൗഊദ് (അ)ന്റെ വാദങ്ങളെകുറിച്ച് വളരെയധികം സംസാരിക്കുകയുണ്ടായി. എന്നാൽ അദ്ദേഹം മനസ്സിലാക്കുന്നില്ല, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ

മുൻപാകെ ഇതേ എതിർപ്പുകളാണ് ക്രിസ്ത്യാനികൾ ഉയർത്തിയതെന്ന്! ക്രിസ്താനികൾ പറയുകയുണ്ടായി അതായത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) (അതിൽ നിന്നും നമുക്ക് അല്ലാഹുവിൽ അഭയം നേടാം) അദ്ദേഹത്തിന്റെ ദൗത്യം ആരംഭിച്ചത്, അല്പം കള്ളം പറഞ്ഞു കൊണ്ടാണ് എന്ന്! പിന്നീട് രണ്ടാമതും തുടർന്നു മൂന്നാമതും അങ്ങനെ കള്ളം തുടർന്നുകൊണ്ടിരുന്നു. ഒന്നാമത് അദ്ദേഹം പറഞ്ഞു, അദ്ദേഹം മൂസ(അ) നെക്കാൾ ഉയർന്നവനല്ല എന്ന്! അദ്ദേഹം വന്നത് മക്കയിലുള്ള ആളുകൾക്കു വേണ്ടി മാത്രമാണ് എന്നും! അതിനു വിപരീതമായി, അദ്ദേഹം വന്നത് അദ്ദേഹത്തിന്റെ ന ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുവൻ വേണ്ടി മാത്രമാണ് എന്നും വാദിച്ചു, എന്നാൽ പിന്നീട് അദ്ദേഹം തന്റെ വാദം മാറ്റി, എന്നിട്ടദ്ദേഹം പറഞ്ഞു ഞാൻ വന്നത് വേദഗ്രന്ഥം നല്കപ്പെട്ടവർക്കു വേണ്ടിയാണ് എന്ന്! അങ്ങനെ അദ്ദേഹത്തിന്റെ വാദത്തിന് വർദ്ധനവു വന്നു കൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം പറഞ്ഞു ഞാൻ മുഴുലോകത്തിനുവേണ്ടിയുമാണ് വന്നിരിക്കുന്നതെന്ന് ! അങ്ങനെ ക്രിസ്ത്യാനികൾ പറയുന്നു അദ്ദേഹം കള്ളം പറഞ്ഞു തുടങ്ങി, കുറെശ്ശെ കുറെശ്ശെയായി പ്രസ്തുത കള്ളത്തിന് വർദ്ധനവുണ്ടായി.

പ്രസ്തുത മൗലവിക്ക് മതചരിത്രത്തെക്കുറിച്ച് വേണ്ട അറിവില്ലാ എന്ന് നാം മനസ്സിലാക്കേണ്ടതാണ്. ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടതെന്താണെന്നു പോലും അദ്ദേഹത്തിനറിയില്ല. അദ്ദേഹം മുമ്പുള്ള ഒരു ഭാഗം മാത്രമാണ് വായിച്ചിട്ടുള്ളത്. ഹസ്രത് മസീഹ് മൗഊദ് (അ) പറഞ്ഞു. അദ്ദേഹം ഒരു ദൂതൻ ആണെന്ന്! പിന്നീട് അദ്ദേഹം പറഞ്ഞു, രണ്ടാം മസീഹ് ആണെന്ന്, ഈസ(അ) ആണെന്ന്! അതവർ പ്രതീക്ഷിച്ചിരിക്കുന്നതുമാണ്. ഞാൻ കൃഷ്ണനാണ് എന്നും പറയുകയുണ്ടായി. അങ്ങനെ പലതും, അങ്ങനെ ഈ മൗലവി അദ്ദേഹത്തിന്റെ ജമാഅത്തിലെ അംഗങ്ങളോട് പറഞ്ഞു, നിങ്ങൾ നോക്കൂ, ഹസ്രത് അഹ്മദ് (അ)എങ്ങനെയാണ് ഒരു കള്ളനായതെന്ന്!

ഞാൻ പ്രസ്തുത മൗലവിയോട് പറഞ്ഞു.ഞാൻ നിങ്ങളെ സെൻട്രൽ മാർക്കറ്റിലേക്ക് കൂട്ടിക്കൊണ്ടു പോയിട്ട് ഞാനൊരു പ്രസ്താവന നടത്തുകയാണ് ഒരു സാധനം മോഷ്ടിക്കപ്പെട്ടിരിക്കുന്നു. മോഷ്ടിക്കപ്പെട്ടവന് ഒരു ഷുകൊണ്ട് 100 അടി തലയ്ക്ക് കിട്ടുമെന്നു കരുതുക) നിരപരാധി ആയിരിക്കെ നിങ്ങൾ പറയുമോ നിങ്ങളാണ് പ്രസ്തുത കുറ്റവാളി എന്ന്! ഈ തെറ്റായ വാദം നിങ്ങൾ പുറപ്പെടുവി

ക്കുമോ? അതെ! അതെ! ഇത് മോഷ്ടിച്ചത് ഞാനാണ് എന്ന് നിങ്ങൾ പറയുമോ? ഞാൻ അദ്ദേഹത്തോടെ പറഞ്ഞു. ചോദ്യം ചെയ്യപ്പെടുന്ന കള്ളൻപോലും പറയില്ല ഇത് ഞാനാണ് മോഷ്ടിച്ചതെന്ന്! കാരണം ശിക്ഷിക്കുമെന്നുള്ള ഭയം കൊണ്ടാണ്. ഇത് ഞാൻ പല പ്രാവശ്യം അദ്ദേഹത്തിന് വിശദീകരിച്ചു കൊടുക്കുകയുണ്ടായി. ശിക്ഷയിൽ നിന്നും രക്ഷപ്പെടുന്നതിനായി, ആളുകൾ കള്ളം പറയുന്നു. എന്നാൽ ഇപ്പോൾ (വാഗ്ദത്തമസീഹ് (അ)ന്റെ കാര്യത്തിൽ നിങ്ങൾ ഈ കാര്യം തുറന്നുപറഞ്ഞാൽ, നിങ്ങൾക്കറിയാം ജനങ്ങൾ നിങ്ങളെ ഉപദ്രവിക്കുമെന്ന്, എന്നിരിക്കെ നിങ്ങൾ എന്തിനാണ് കള്ളം പറയുന്നത് ?

കൂടാതെ അദ്ദേഹം (വാഗ്ദത്ത മസീഹ്) വാദങ്ങൾ പുറപ്പെടുവിച്ചിരിക്കുകയാണ്, ഒന്നിനു പുറകെ മറ്റൊന്നായി. ഞാൻ അദ്ദേഹത്തോട് പറഞ്ഞു നിങ്ങൾക്ക് ഈ കാര്യങ്ങളെകുറിച്ചൊക്കെ ചിന്തിക്കുവാനുള്ള കഴിവുപോലുമില്ലേ? ഹസ്രത് മസീഹ് മൗഊദ് (അ)ന്റെ ദൃഷ്ടാന്തങ്ങൾക്ക് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. മനസ്സിൽ എതിർപ്പോടെ അദ്ദേഹം ദൈവദൂതനാണെന്ന് വാദംപുറപ്പെടുവിച്ചപ്പോൾ, മുസ്ലിംകൾ അദ്ദേഹത്തിന്റെ ശത്രുക്കളായി മാറി, അദ്ദേഹം മഹ്ദി ആണെന്ന വാദം പുറപ്പെടുവിച്ചപ്പോൾ, അദ്ദേഹത്തിന് നേരിടേണ്ടി വന്നത് ഈ മുസ്ലിംകളിൽ നിന്നുള്ള പീഡനങ്ങളായിരുന്നു. നിങ്ങൾ വിചാരിക്കുന്നുണ്ടോ? അദ്ദേഹം ഇനി മറ്റൊരു തെറ്റായ വാദം പുറപ്പെടുവിക്കുമെന്ന്? ദൈവത്തന് പുത്രനില്ലാ എന്ന്! ദൈവപുത്രന് നിങ്ങൾ എന്ത് വിശേഷണമാണ് നല്കിയിരിക്കുന്നത്? ഈസ(അ)ന് ക്രിസ്ത്യാനികൾ നല്കുന്ന വിശേഷണം ദൈവപുത്രനാണെന്നാണ്. അദ്ദേഹമോ മരിച്ചുപോയിരിക്കുന്നു.

അത്തരം ഒരു പ്രഖ്യാപനത്തിലും ക്രിസ്ത്യാനികളുടെയും ഇംഗ്ലീഷ് കാരുടെയും ശത്രുത അദ്ദേഹം ക്ഷണിച്ചു വരുത്തിയിരിക്കുന്നു. അതുമാത്രമല്ല അദ്ദേഹം ഇക്കാലത്തു ശ്രീകൃഷ്ണാവതാരമാണെന്നും വാദിക്കുകയുണ്ടായി. ഈ കാര്യങ്ങളെപറ്റി എല്ലാം ഒന്നിനു പുറകെ മറ്റൊന്നായി അദ്ദേഹം കള്ളം പറയുകുയാണോ? അദ്ദേഹം വീണ്ടും കള്ളം പറയുകയാണോ (ഇതൊരു വാദമാണ്) ഇപ്പോൾ തന്നെ എല്ലാവരും അദ്ദേഹത്തിൻ്റെ ശത്രുക്കളായി കഴിഞ്ഞു. അവർ അദ്ദേഹത്തെ പീഡിപ്പിക്കുന്നു. ഇനി അദ്ദേഹം ഈ കള്ളങ്ങളിൽ ഉറച്ചു നില്ക്കുമോ, അതാ ആര്യസമാജക്കാരും അദ്ദേഹത്തിന്റെ ശത്രുക്കളായിരിക്കുന്നു. പണ്ഡിറ്റ് ലേക്ക്റാമുമായി ഏറ്റുമുട്ടുലിനു തയ്യാറായിരി

ക്കുന്നു. അവിടെയും ഇത് അദ്ദേഹം അവസാനിപ്പിക്കുന്നില്ല. അദ്ദേഹം അതാ തന്റെ പ്രസ്താവിനെയുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. സിക്കുകാരുടെ ബാബനാനക്ക് ഒരു മുസ്ലിം ആയിരുന്നു എന്ന്!

ഞാൻ മൗലവിയോട് പറഞ്ഞു ഈ പ്രവാചകന്റെ സത്യതയെ തിരിച്ചറിയുവാനുള്ള ഒരുല്പം ചിന്താശക്തിയും നിങ്ങൾക്കില്ലേ? ജനങ്ങൾ അദ്ദേഹത്തെ എതിർക്കുകയും, ജനങ്ങൾ അദ്ദേഹത്തിന്റെ ശത്രുക്കളായി തീരുകയും, കറ്റുകെട്ടുകാരനാണെന്ന് ചിത്രീകരിക്കുന്നതെന്നും അദ്ദേഹം ഇഷ്ടപ്പെടുമോ? അവരിൽ നിന്നുള്ള അവഹേളനങ്ങൾ ഏറ്റുവാങ്ങുവാനും തേജോവധം ചെയ്യപ്പെടുവാനും അതുവഴി തന്റെ അന്തസ്സും അഭിമാനവും കളഞ്ഞു കുളിക്കുവാനും തന്റെ ജീവൻ തന്നെ അപകടത്തിലാക്കുവാനും ഇഷ്ടപ്പെടുമോ? മറ്റുള്ളവർ അതായതു മോഷണം പോലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ കള്ളംപറയുന്നത് തങ്ങൾ ശിക്ഷാനടപടികളിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം (മസീഹ് മൗഊദ്) (അ) അദ്ദേഹത്തിനു മാത്രമല്ല തന്റെ കുടുബാംഗങ്ങളുടെ ജീവിതവും അപകടത്തിലാവുകയാണുണ്ടായത്. അദ്ദേഹത്തെ കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. മാത്രമല്ല, സ്വാഭാവികമായ മരണം അദ്ദേഹത്തിനുണ്ടായപ്പോൾ അയാൾ കക്കൂസിൽ മരിച്ചു എന്നവർ കളിയാക്കുകയുണ്ടായി, (പഴയ രീതിയിലുള്ള കക്കൂസ്) പരിഹസിക്കുകയുണ്ടായി. അങ്ങനെ വിമർശിച്ചവരോട്, ചോദിക്കട്ടെ അവരുടെ മുത്രാശയങ്ങളിലും മലാശയങ്ങളിലും എന്താണുള്ളത്? മുത്തുകളും വജ്രങ്ങളുമാണോ? അവിടെ ഉച്ഛിഷ്ടങ്ങളല്ലേ ഉള്ളത്? അവർ മരണപ്പെടുമ്പോൾ, അവരെ കുളിപ്പിക്കേണ്ടതില്ലേ? എല്ലാ ദുർഗന്ധങ്ങളും നീക്കം ചെയ്യേണ്ടതല്ലേ? അവരുടെ വയറ് ഞെക്കേണ്ടതല്ലേ? എന്തിനു വേണ്ടി? മുത്തും വജ്റങ്ങൾക്കുമാണോ? മലവും/ ഉച്ഛിഷ്ടങ്ങളുമല്ലേ? അതോടൊപ്പം അവർ എല്ലാവിധ ആക്ഷേപങ്ങളും ചൊരിഞ്ഞു. ഒടുവിൽ അവർ അദ്ദേഹം മയക്കുമരുന്നിന് അടിമയാണെന്നു പോലും പറഞ്ഞു.

നിങ്ങൾ മനസ്സിലാക്കൂ! അല്ലാഹുവിൽ നിന്ന് ഒരു ദൂതൻ വരുമ്പോൾ, അദ്ദേഹത്തിന്റെ ജീവിതം ഒരിക്കലും അത്ര എളുപ്പമുള്ളതായിരിക്കില്ല. അദ്ദേഹം അനേകം പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടതായട്ടുണ്ട്. ഇന്ന്, ഈ നൂറ്റാണ്ടിൽ, ചരിത്രം അതു തന്നെ

ആവർത്തിക്കുന്നു. അല്ലാഹു(ത) ഈ വീനിതനെ ഈ നൂറ്റാണ്ടിലേക്ക് ഉയർത്തിയിരിക്കുന്നു. എനിക്കിതാ അഹ്മദികളിൽ നിന്നും അതേ ചോദ്യം തന്നെ ലഭിച്ചിരിക്കുന്നു. ഹസ്രത് മസീഹ് മൗഊദ് (അ)ന്റെ സത്യതയെ മറ്റുള്ളവരെ ബോധ്യപ്പെടുത്തി ഞാൻ അവരോട് സംസാരിച്ചതുപോലെ, ഇപ്പോൾ എന്റെ സത്യതയെ അഹ്മദികളുടെ മുൻപിൽ ബോധ്യപ്പെടുത്തേണ്ട സാഹചര്യമാണ് സംജാതമാക്കിയിരിക്കുന്നത്. അങ്ങനെ വരുമ്പോൾ, മസീഹ് മൗഊദ് (അ)ന് കേൾക്കേണ്ടി വന്നതുപോലെയുള്ള പരിഹാസങ്ങൾക്കും പ്രയാസങ്ങൾക്കും ഞാനും വിധേയനായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ അഹ്മദികളെ ബോധ്യപ്പെടുത്തേണ്ടതായി വന്നിരിക്കുന്നു. എപ്പോഴൊക്കെ ഒരു പ്രവാചകന്റെ ആഗമനം ഉണ്ടാകുന്നുവോ അപ്പോഴെല്ലാം ഇതേ സാഹചര്യം ഉണ്ടാകുമെന്ന വസ്തുത അഹ്മദികളെ ബോധ്യപ്പെടുത്തേണ്ടി വന്നിരിക്കുന്നു. ഏതു ചെണ്ട കൊട്ടിയാലാണ് ഈ വാദങ്ങൾ അവരിലേക്ക് ഞാൻ എത്തിക്കുക. അവരുടെ കണ്ണുകളുടെ മൂടുപടം എങ്ങനെയാണ് ഞാൻ നീക്കുക?

ഇൻശാ അല്ലാഹ് ! അടുത്ത ആഴ്ച ഇതേ വിഷയം തുടരുന്നതാണ്. അല്ലാഹു(ത) നിങ്ങൾക്ക് സത്യം സ്വീകരിക്കുവാനുള്ള തൗഫീഖ് നല്കട്ടെ, ഹിദായത്തു നല്കട്ടെ, അവന്റെ ഔന്നത്യത്തെകുറിച്ച് ആഴത്തിൽ ചിന്തിക്കുവാനും അതുപോലെ ഈ നൂറ്റാണ്ടിൽ അവൻ പ്രകടമാക്കിയ വിവിധങ്ങളായ ദൃഷ്ടാന്തങ്ങളും അടയാളങ്ങളും, തിരിച്ചറിയുവാനും ഇടയാക്കട്ടെ ഇൻഷാ അല്ലാഹ് ആമീൻ!



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*